**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ തുടങ്ങാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 മുതൽ പൊതു ജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ ചാർജിംഗ് സ്റ്റേഷനുകളുടെ വിവരം താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാ നത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. തുടർന്ന് 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി KSEBL തുടക്കമിട്ടിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന് കീഴിൽ അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സൗരോർജ്ജ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 5 സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകളിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ബി) | കെ.എസ്.ഇ.ബി.എൽ. ന്റെ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഒരു യൂണിറ്റിന് 13 രൂപ + GST ആണ് നിശ്ചയിച്ചിരിക്കുന്നത്. പോൾ മൗണ്ടഡ് ആയി സ്ഥാപിച്ചിരിക്കുന്ന സ്ലോ ചാർജ്ജിംഗ് പോയിന്റുകളിൽ യൂണിറ്റിന് 9 രൂപ + GST ണ് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. സംസ്ഥാനത്ത് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ള പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ 2021 നവംബർ മുതൽ ഒരു വർഷത്തേക്ക് താൽക്കാലികമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ചുവടെ ചേർക്കുന്നു . 1. രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ യൂണിറ്റിന് 12 രൂപ 2. വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ യൂണിറ്റിന് 15 രൂപ 3. രാത്രി 10 മണി മുതൽ രാവിലെ 06.00 മണി വരെ യൂണിറ്റിന് 15 രൂപ |

സെക്ഷൻ ഓഫീസർ